(സി) ബന്ധപ്പെട്ട പ്രസിഡന്റുമാർ നൽകുന്ന ഹാജർ സർട്ടിഫിക്കറ്റും അംഗീകരിച്ച് മുൻകൂർ യാത്രാ പരിപാടികളും ലഭിച്ചതിന് ശേഷമാണോ ശമ്പള ബിൽ അംഗീകരിക്കുന്നത് ;

(ഡി) തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ പ്രസിഡന്റ് അംഗീകരിച്ച മുൻകൂർ യാത്രാ പരിപാടികളോ ഹാജർ സർട്ടിഫിക്കറ്റോ ഇല്ലാതെ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് എൻജിനീയർമാരുടെ ശമ്പളബിൽ അംഗീകരിച്ചെന്ന് പഞ്ചായത്തിന്റെ പേര് സഹിതം വിശദമാക്കുമോ ;

(ഇ) ഇങ്ങനെ നിർദ്ദേശങ്ങൾ തെറ്റിച്ച് ബിൽ അംഗീകരിച്ചവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പുനർവിന്യസിക്കപ്പെട്ട ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മാതൃവകുപ്പിൽ നിന്നും നിലവിലുള്ള വ്യവസ്ഥകൾ പ്രകാരമാണ് നൽകുന്നത്.

(ബി) പുനർവിന്യാസ ഉത്തരവുകളിൽ ശമ്പള ബിൽ സംബന്ധിച്ച് പ്രത്യേക വ്യവസ്ഥയൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

(സി) ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ അടങ്ങിയ 25-4-2003-ലെ 17378/പി3/2003/തസ്വഭവ ഉത്തരവ് അനുബന്ധമായി വച്ചിരിക്കുന്നു*.

(ഡി) വിവരം ലഭ്യമല്ല.

(ഇ) പരിശോധിക്കുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ ഓണറേറിയം വർദ്ധിപ്പിക്കുവാൻ നടപടി

114 (3068) ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ ഓണറേറിയം അവസാനമായി വർദ്ധിപ്പിച്ചത് എന്നാണ് ;

(ബി) വിവിധ തലങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ ജോലിഭാരം കൂടിയ സ്ഥിതിക്ക് അവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ പുതുക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2001-ലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ ഓണറേറിയം അവസാനമായി വർദ്ധിപ്പിച്ചത്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇപ്പോൾ പരിഗണനയിലില്ല.

മാലിന്യസംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി

115 (3069) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിളപ്പിൽശാല മാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ മാതൃകയിൽ സംസ്ഥാനത്ത് മറ്റ് സ്ഥലങ്ങളിലും മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുവാൻ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത്തരം പ്ലാന്റുകൾ എവിടെയൊക്കെയാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങൾ കേന്ദ്രീകരിച്ചുമാത്രം പ്ലാന്റുകൾ സ്ഥാപിക്കുന്ന കാര്യം പ്രത്യേകം പരിഗണിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ കഴിയുന്നിടത്തോളം പൊതുജനങ്ങൾക്ക് ശല്യമുണ്ടാകാത്ത വിധത്തിൽ സ്ഥാപിക്കുന്നതിന് നഗരസഭകൾ നടപടികൾ കൈക്കൊള്ളുന്നതാണ്.

വിളപ്പിൽശാല ജൈവവള ഫാക്ടറിയുടെ പ്രവർത്തനം

116 (3070) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിളപ്പിൽശാല ജൈവവള ഫാക്ടറി ബി.ഒ.റ്റി. അടിസ്ഥാനത്തിലാണോ, ബി.ഒ.ഒ.എം. അടിസ്ഥാനത്തിലാണോ ഇപ്പോൾ പ്രവർത്തിക്കുന്നത് ;

(ബി) ഈ ഫാക്ടറിക്ക് എത്ര ഏക്കർ വസ്തു നൽകിയിട്ടുണ്ട് ;

---

* അനുബന്ധം - XII

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII

[15-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 114 (3068)-ന്റെ ഉത്തരം ദയവായി കാണുക]

പഞ്ചായത്ത് ഭാരവാഹികളുടെ ഓണറേറിയവും ബത്തകളും

ഭാരവാഹികൾ	പ്രതിമാസ ഓണറേറിയം രൂപ	കമ്മിറ്റി യോഗങ്ങളിൽ പങ്കെടുക്കുന്നതിനുള്ള യാത്രപ്പടി	യോഗങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ഹാജർ ബത്ത
(1)	(2)	(3)	(4)
ജില്ലാ പഞ്ചായത്ത്			
പ്രസിഡന്റ്	4500		40 രൂപ, മാസപരിധി 200 രൂപ
വൈസ് പ്രസിഡന്റ്	3500		40 രൂപ, മാസപരിധി 200 രൂപ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	2000	ക്ലാസ് I യാത്രപ്പടി	40 രൂപ, മാസപരിധി 200 രൂപ
അംഗങ്ങൾ	1750	ക്ലാസ് I യാത്രപ്പടി	40 രൂപ, മാസപരിധി 200 രൂപ
ബ്ലോക്ക് പഞ്ചായത്ത്			
പ്രസിഡന്റ്	4000	ക്ലാസ് I യാത്രപ്പടി	40 രൂപ, മാസപരിധി 200 രൂപ
വൈസ് പ്രസിഡന്റ്	3000		40 രൂപ, മാസപരിധി 200 രൂപ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	1750	ക്ലാസ് I യാത്രപ്പടി	40 രൂപ, മാസപരിധി 200 രൂപ
അംഗങ്ങൾ	1250	ക്ലാസ് II യാത്രപ്പടി	32 രൂപ, മാസപരിധി 160 രൂപ

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമപഞ്ചായത്ത്

പ്രസിഡന്റ്	3500	ക്ലാസ് I യാത്രപ്പടി	40 രൂപ, മാസപരിധി 200 രൂപ
വൈസ് പ്രസിഡന്റ്	2500	ക്ലാസ് I യാത്രപ്പടി	40 രൂപ, മാസപരിധി 200 രൂപ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	1500	ക്ലാസ് I യാത്രപ്പടി	40 രൂപ, മാസപരിധി 200 രൂപ
അംഗങ്ങൾ	1000	ക്ലാസ് II യാത്രപ്പടി	32 രൂപ, മാസപരിധി 160 രൂപ

കുറുപ്പ് :
- ജില്ല പഞ്ചായത്ത് പ്രസിഡന്റിന് ഔദ്യോഗിക കാലാവധി മുഴുവനും തുടർന്നുള്ള 15 ദിവസത്തേക്കും പഞ്ചായത്ത് ആസ്ഥാനത്ത് വീടോ പകരം പ്രതിമാസം 1000 രൂപ വീട്ടുവാടക ബത്തയോ ലഭിക്കും.
- യോഗത്തിൽ പങ്കെടുക്കുന്നതിന് ദിനബത്ത ലഭിക്കുന്നതല്ല.
- എല്ലാ തലത്തിലുള്ള പ്രസിഡന്റിനും, വൈസ് പ്രസിഡന്റിനും, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്കും, ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്കും പൊതുകാര്യത്തിനായുള്ള യാത്രയ്ക്ക് 1-ാം ക്ലാസ് യാത്രപ്പടിയും ദിനബത്തയും ലഭിക്കുന്നതാണ്.
- ബ്ലോക്ക് പഞ്ചായത്തിലെയും ഗ്രാമപഞ്ചായത്തിലെയും അംഗങ്ങൾക്ക് ക്ലാസ് II-A പ്രകാരമുള്ള യാത്രപ്പടിയും ദിനബത്തയും ലഭിക്കുന്നതാണ്.